**GAZETTE DATE : 31.12.2025**
**LAST DATE : 04.02.2026**

# CATEGORY NO: 694/2025

Applications are invited online only through "ONE TIME REGISTRATION" scheme from qualified candidates for appointment in the under mentioned post in Kerala Government Service. Before applying for the post the candidates should register as per One Time Registration through the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

| | | | |
|---|---|---|---|
| **1.** | **Department** | : | **The Kerala State Prosecution Service.** |
| **2.** | **Name of Post** | : | **Assistant Public Prosecutor Grade – II.** |
| **3.** | **Scale of pay** | : | **₹ 56500 – 118100/-** |
| **4.** | **Number of vacancies** | : | **Anticipated vacancies.** |

**Note: (i)** Due to the non availability of DA (Multiple Disability, ASD(M), SLD, MI(40% to 70%)) candidates in the previous Ranked List of this post 2 vacancies were kept unfilled, as per section 34(2) of the Rights of persons with Disabilities Act, 2016. The Same will be filled up from the above DA Category from the Ranked List that will be published pursuant to this notification. If candidates are not available in the respective DA category, the vacancies will be filled up from other eligible DA categories as per section 34(2) of the above act. In the absence of DA categories, the vacancies will be filled up from General Category.

**(ii)** The Ranked list of selected candidates published by the Commission in response to this notification shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised from the said list against the vacancies that may be reported to the Commission during the period of currency of this list.

**(iii)** 4% of the total vacancies reported for the post shall be reserved for eligible Differently Abled candidates with disabilities as specified vide GO(P)No.5/2023/SJD dated 01.10.2023.

(Link)

Present Order for Rights of Persons with Disabilities Act, 2016 Section 34

| | | | |
|---|---|---|---|
| **5.** | **Method of appointment** | : | **Direct Recruitment** |
| **6** | **Age Limit** | : | **22- 36**. Only candidates born between **02.01.1989 and 01.01.2003** (both dates included) are eligible to apply for this post. Usual relaxation in the upper age limit shall be allowed to candidates belonging to Scheduled Caste/Scheduled Tribe and Other Backward Classes(For other conditions regarding age relaxation,see para 2 of Part II General Conditions of the Gazette Notification). |

**7. Qualification:**

**i)** A Degree in Law conferred or recognized by the Universities in Kerala.

and

**ii)** Must be a member of the Bar and must have had not less than three years of active practice in Criminal Courts as on 1st January 2025.

(Link: GO(P) No:06/2018/Home dated 22.01.2018)

**Note:** **i) Selection and appointment to this post will be subject to the final orders of Hon'ble Supreme Court in SLP(C)No: 18268/2025 dated 18.07.2025.**

**(ii)** Certificate of Enrollment issued by the Bar Council & Experience certificate of Three years active practice in Criminal Courts as on 1st January 2025, issued by a Judicial Officer not below the rank of a First Class Judicial Magistrate, should be produced (Format is given below as annexure).

www.LinkingLaws.com

**(iii)** KS & SSR Part II Rule 10 (a) (ii) is applicable.

**(iv)** In addition to the qualifications prescribed in this notification, the qualifications recognized by executive orders or standing orders of Government as equivalent to the qualification specified for the post, in the Special Rules and such of those qualifications that pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

**(v)**The Degrees/Diplomas awarded by UGC approved Universities or Institutions established through an act passed by Parliament/State Legislative Assembly in accordance with the conditions laid down in GO(MS)No.526/PD dated 17.07.1965 are acceptable for appointment in Government Services.

(Link)

https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

**(vi) Training :**

(1) A person appointed as Assistant Public Prosecutor Grade II shall, on and from the date of his/her appointment, undergo training for a period of 180 working days. Scheme of training will be prescribed by the Government from time to time.

(2)Such persons shall until he/she completes the training prescribed above, be entitled to such stipend as may be specified by the Government from time to time. On their joining duty after successful completion of training and examination , the period of training including examination, the period of extension of training if any, shall be treated as officiating service for the purpose of increment, pension and probation.

**(vii) Agreement :**A candidate appointed as Assistant Public Prosecutor Grade II shall, before undergoing the course of training, execute an agreement in such Form as may be prescribed by the Government in this behalf binding himself/herself.

(i)To undergo the entire course of the said training.

(ii)To serve the Government after the completion of the training as Assistant Public Prosecutor for a period to be specified by the Government; and

(iii)To refund to the Government the stipend received by him/her during the period of his/her training, if he/she resigns his/her appointment before the completion of the said period on any account except on the ground of ill-health which shall be certified by a Medical officer not below the rank of a Civil Surgeon.

**(viii) Probation :** Every person appointed as Assistant Public Prosecutor Grade - II shall,from the date on which he/she joins duty ,be on probation for a total period of two years on duty within a continuous period of of three years.

**(ix) Test :** A candidate appointed as Assistant Public Prosecutor Grade - II shall, within the period of probation, pass the Account Test for Executive Officers of the Kerala State or the Account Test(Lower) of the Kerala State, if he has not already passed any of those tests.

www.LinkingLaws.com

ANNEXURE

**EXPERIENCE CERTIFICATE**

Enrollment No:

Date of Enrollment :

This is to certify that Sri/Smt…........................................................................
…...........................................................................................................................
…......................(enter full name of candidate and address) has been actively practicing before the Criminal Courts …...................................................
from …........................onwards. He/She has an experience of ….................
years active practicing in the Criminal Courts as on 1st January 2025.

Office Seal

Signature:

Name:

Designation:

(To be issued by Judicial Officer not below the rank of a 1st class Judicial Magistrate)

Place:

Date:

**Note:-** 1) Bar Practice ( Criminal Courts) as a part of LLM will be considered as experience
2) The genuineness of the Certificate shall be subject to verification and legal action will be taken against those who issue and produce bogus certificate.

**8. Mode of submitting Applications:-**

**(a)** Candidates must register as per 'ONE TIME REGISTRATION' with the Official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for the post. **Candidates must upload the Experience Certificate at the time of submitting application for the post**. Candidates who create new Profile should upload their Photograph taken within a period of 6 months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the print out of the application by clicking on the link `My applications' in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original Documents to prove qualification, experience, age,

www.LinkingLaws.com

community etc. have to be produced as and when called for. The profile correction made by the candidates themselves or through the office of the KPSC on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

**(b)** If written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

**(c)** **Candidates who have AADHAAR Card should add AADHAAR as ID Proof in their profile.**

**9. Special Instructions to Candidates:**

**(i)** In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

**(ii)** Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

**(iii)** Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**10. Last date for submission of application :- 04.02.2026, Wednesday upto 12.00 midnight.**

**11. Address to which applications are to be sent: www.keralapsc.gov.in**

**(Candidates must see the General Conditions in Part II of the Gazette Notification for instructions regarding Photo, ID Card etc).**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

www.LinkingLaws.com

# കാറ്റഗറി നമ്പർ : 694/2025

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും "ഒറ്റത്തവണ രജിസ്ട്രേഷൻ" പ്രകാരം ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : **കേരള സംസ്ഥാന പ്രോസിക്യൂഷൻ സർവീസ്**

2. **ഉദ്യോഗപ്പേര്** : **അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II**

3. **ശമ്പളം** : **₹ 56500 -118100/-**

4. **ഒഴിവുകളുടെ എണ്ണം** : **പ്രതീക്ഷിത ഒഴിവുകൾ**

**കുറിപ്പ് :-**

**(I)** ഈ തസ്തികയുടെ മുൻ റാങ്ക് പട്ടികയിൽ നിന്നും DA (Multiple Disability, ASD(M), SLD, MI(40% to 70%)) വിഭാഗം ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത 2 ഒഴിവുകൾ, 2016 ലെ The Rights of Persons with Disabilities Act ലെ Section 34(2) പ്രകാരം, ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നും അതേ ഭിന്നശേഷി വിഭാഗത്തിൽ നിന്നും, അവരുടെ അഭാവത്തിൽ യോഗ്യരായ ഇതര ഭിന്നശേഷി വിഭാഗത്തിൽ നിന്നും, അവരുടെ അഭാവത്തിൽ പൊതുവിഭാഗത്തിൽ നിന്നും നികത്തുന്നതാണ്.

**(II)** ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കുന്ന ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനശിപാർശ നടത്തുന്നതാണ്.

**(III)** തസ്തികയ്ക്ക് ആകെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ 01.10.2023 തീയതിയിലെ G.O(P)5/2023/SJD നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(Link)
Present Order for Rights of Persons with Disabilities Act, 2016 Section 34

5. **നിയമന രീതി** : **നേരിട്ടുള്ള നിയമനം.**

6. **പ്രായപരിധി** : **22-36.** ഉദ്യോഗാർത്ഥികൾ 02.01.1989-നും 01.01.2003-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. )

7. **യോഗ്യതകൾ** i) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അല്ലെങ്കിൽ അംഗീകരിച്ചിട്ടുള്ളതോ ആയ നിയമ ബിരുദം.

കൂടാതെ

ii ബാർ കൗൺസിലിൽ അംഗത്വമുണ്ടായിരിക്കണം. ക്രിമിനൽ കോടതികളിൽ അഭിഭാഷക വൃത്തിയിൽ, 2025 ജനുവരി 1 ന്, മൂന്ന് വർഷത്തിൽ കുറയാതെയുള്ള പരിചയം ( Active Practice ) ആർജിച്ചിരിക്കണം .

(ലിങ്ക് : GO(P) No:06/2018/Home dated 22.01.2018)

www.LinkingLaws.com

കുറിപ്പ് :-

**(i)** **ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പും നിയമനവും ബഹു. സുപ്രീംകോടതിയുടെ 18.07.2025 തീയതിയിലെ SLP(C) No: 18268/2025 മേലുള്ള അന്തിമ ഉത്തരവിന് വിധേയമായിരിക്കും.**

**(ii)** ബാർ കൗൺസിലിൽ നിന്നും ലഭിച്ച എൻറോൾമെൻറ് സർട്ടിഫിക്കറ്റും 2025 ജനുവരി 1 -ന് മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ ക്രിമിനൽ കോടതിയിൽ സജീവ പരിശീലനം നേടിയതായുള്ള പരിചയ സർട്ടിഫിക്കറ്റും (ഒരു ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ കുറയാത്ത പദവിയിലുള്ള ജുഡീഷ്യൽ ഉദ്യോഗസ്ഥൻ സാക്ഷ്യപെടുത്തിയത് ) ഉദ്യോഗാർത്ഥി ഹാജരാക്കേണ്ടതാണ്.
(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചുവടെ ചേർക്കുന്നു)

**(iii)** KS&SSR Part -II Rule 10(a) (ii) ബാധകമാണ് .

**(iv)** ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ ,സ്റ്റാന്റിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ് . തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ് .

**(v)** 17.07.1965-ലെ G.O.(MS)No.526/PD -യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെൻറ് / സംസ്ഥാന നിയമസഭകൾ ഇവയിലേതെങ്കിലും പാസ്സാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ള സ്ഥാപനങ്ങളും UGC അംഗീകൃതമായ സർവകലാശാലകളും നൽകുന്ന ഡിഗ്രികൾ,ഡിപ്ലോമകൾ എന്നിവ സർക്കാർ സർവീസിലേക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ് .
(Link: https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf )

**(vi)** **പരിശീലനം:**

(1) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് -II തസ്തികയിൽ നിയമനം ലഭിക്കുന്നവർ നിയമനം ലഭിക്കുന്ന തീയതി മുതൽ തുടർച്ചയായി 180 പ്രവൃത്തി ദിവസങ്ങൾ പരിശീലനത്തിലായിരിക്കും. പരിശീലന രീതി അതത് സമയങ്ങളിലെ സർക്കാർ തീരുമാനത്തിനു വിധേയമായിരിക്കും

(2) പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്ക് , മുകളിൽ പറഞ്ഞ പരിശീലന കാലയളവിൽ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള സ്റ്റൈപ്പന്റിന് അർഹതയുണ്ടായിരിക്കുന്നതാണ് . പരിശീലനവും പരീക്ഷയും വിജയകരമായി പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികളുടെ പരീക്ഷ ഉൾപ്പെടെയുള്ള പരിശീലന കാലയളവ് , പരിശീലന കാലയളവ് ദീർഘിപ്പിക്കുകയാണെങ്കിൽ ആയതും ഉൾപ്പെടെ ഔദ്യോഗിക സർവീസായി കണക്കാക്കുകയും , ഇൻക്രിമെന്റ് , പെൻഷൻ, പ്രൊബേഷൻ എന്നിവയ്ക്കായി പരിഗണിക്കുകയും ചെയ്യുന്നതാണ് .

**(vii)** **കരാർ :** ഈ ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർ പരിശീലനത്തിന് മുമ്പായി താഴെ പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ നിശ്ചയിച്ച മാതൃകയിലുള്ള കരാറിൽ ഒപ്പ് വെക്കേണ്ടതാണ്.

(i)അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയുടെ നിയമനത്തിനായുള്ള പരിശീലനം മുഴുവനും പൂർത്തിയാക്കുന്നതാണ് .

(ii)പരിശീലനത്തിനുശേഷം സർക്കാർ നിശ്ചയിക്കുന്ന കാലയളവിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ പദവിയിൽ സർക്കാരിനെ സേവിക്കുന്നതാണ് .

(iii) ആരോഗ്യപ്രശ്നങ്ങളല്ലാതെ മറ്റ് ഏതെങ്കിലും കാരണത്താൽ പരിശീലന കാലയളവിൽ ടി ഉദ്യോഗം രാജിവെച്ചാൽ ടി കാലയളവിൽ കൈപ്പറ്റിയ എല്ലാ ആനുകൂല്യങ്ങളും സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണ്. ആരോഗ്യപ്രശ്നങ്ങളാൽ ഉദ്യോഗം രാജിവെയ്ക്കുന്ന പക്ഷം സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് .

**(viii)** **പ്രൊബേഷൻ** :അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തെ സർവീസിനിടയിൽ ആകെ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും

**(ix)** **പരീക്ഷ :** മുൻപ് വിജയിക്കാത്ത പക്ഷം ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ പ്രൊബേഷൻ

www.LinkingLaws.com

കാലയളവിനുള്ളിൽ കേരള സംസ്ഥാനത്തിലെ എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റ് അല്ലെങ്കിൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ ) വിജയിച്ചിരിക്കണം .

**അനുബന്ധം**

**<u>പരിചയ സർട്ടിഫിക്കറ്റ്</u>**

എൻറോൾമെൻറ് നമ്പർ :

എൻറോൾമെൻറ് തീയതി :

ശ്രീ /ശ്രീമതി ..............................................................................................................................................

.......................................................................................................(ഉദ്യോഗാർത്ഥിയുടെ പൂർണ്ണമായ പേരും മേൽവിലാസവും രേഖപ്പെടുത്തുക ) ............................................................................ ക്രിമിനൽ കോടതിയിൽ .......................................മുതൽ സജീവമായി പ്രാക്ടീസ് ചെയ്തു വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു . 2025 ജനുവരി 01-ന് ടിയാൾ ക്രിമിനൽ കോടതിയിൽ .............................. വർഷത്തെ സജീവ പരിശീലനം (active practicing) നേടിയിട്ടുണ്ട് .

ഓഫീസ് മുദ്ര

ഒപ്പ് :

പേര് :

ഔദ്യോഗിക പദവി :

(ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ കുറയാത്ത പദവിയിലുള്ള ജുഡീഷ്യൽ ഓഫീസർ സാക്ഷ്യപെടുത്തിയത് )

സ്ഥലം :

തീയതി :

**കുറിപ്പ്:-**

**1)** LLM കോഴ്സിന്റെ ഭാഗമായുള്ള അഭിഭാഷകവൃത്തി (Criminal Courts) experience ആയി പരിഗണിക്കുന്നതാണ് .

**2)** സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് log in ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. **അപേക്ഷ സമർപ്പിക്കുമ്പോൾ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യേണ്ടതാണ് .** പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications'**

www.LinkingLaws.com

എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല.കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

**(ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാക്കുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലും നൽകുന്നതാണ്.

**(സി)** **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**9. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ :**

(I) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്തു ഹാജരാക്കേണ്ടതാണ്.

(II) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(III) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രോസിജിയർ റൂൾ 22** പ്രകാരം ഏതൊരു ജോലിക്ക് അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ, പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ ,എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, ഉദ്യോഗാർത്ഥികളുടെ മേൽ നിയമ നടപടികൾ എടുക്കുകയോ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും നീക്കം ചെയ്യുകയോ ,ഡിസ്മിസ്സ് ചെയ്യുകയോ അനുയോജ്യമായ മറ്റു അച്ചടക്ക നടപടികൾ/നിയമ നടപടികൾ സ്വീകരിക്കുകയോ, മേല്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ കൈക്കൊള്ളുകയോ ചെയ്യുന്നതാണ് .

**10. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 04.02.2026 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

**11. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് :** www.keralapsc.gov.in

**(ഫോട്ടോ , ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

www.LinkingLaws.com